**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2963** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യക്കൃഷി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ മത്സ്യക്കൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന എന്നിവയുടെ ഭാഗമായി കർഷകർ വിജയകരമായി മത്സ്യകൃഷി നടത്തി വരുന്നു. 2020-21 വർഷത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 17.06 ഹെക്ടർ ശാസ്ത്രീയ കാർപ്പ് കൃഷി, 3.148 ഹെക്ടർ ആസ്സാം വാള കൃഷി, 35.79 ഹെക്ടർ വിശാല മത്സ്യകൃഷി എന്നിവയിലായി ആകെ 60 ഹെക്ടർ കൃഷി നടത്തിയിട്ടുണ്ട്. കൂടാതെ 7 ശുദ്ധജല കൂട് കൃഷി യൂണിറ്റുകളും 6 RAS മത്സ്യകൃഷി യൂണിറ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിൻറെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സംയുക്ത ഫണ്ട് വിനിയോഗിച്ച് 105 വീട്ടുവളപ്പിലെ പടുതാക്കുളം മത്സ്യകൃഷി യൂണിറ്റുകളും 41 ബയോഫ്ളോക്ക് യൂണിറ്റുകളും നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി 2020-21 ൽ ഉൾപ്പെടുത്തി 3 ബയോഫ്ളോക്ക് യൂണിറ്റുകളിലും 1 RAS മത്സ്യകൃഷി യൂണിറ്റിലും മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം - ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 0.42 ഹെക്ടർ ശാസ്ത്രീയ കാർപ്പ് കൃഷി, 35.79 ഹെക്ടർ വിശാല മത്സ്യകൃഷി എന്നിവയിലായി ആകെ 36.21 ഹെക്ടർ മത്സ്യകൃഷി നടത്തുന്നുണ്ട്. കൂടാതെ 89 വീട്ടുവളപ്പിലെ പടുതാക്കുളം മത്സ്യകൃഷി യൂണിറ്റുകളും 36 ബയോഫ്ളോക് യൂണിറ്റുകളും 1 ശുദ്ധജല കൂടുകൃഷി യൂണിറ്റും 2 RAS മത്സ്യകൃഷി യൂണിറ്റും സ്ഥാപിച്ച് മത്സ്യകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ